വെച്ചിരിക്കുന്നതു്. മിസ്റ്റർ വള്ളോൻതന്നെ ഉത്സാഹിപ്പിച്ചു് ഇതിലേക്കു് 5, 6 ആളുകളെ കൊണ്ടുവരുവാനുള്ള ശ്രമം ചെയ്താൽ അവക്കു വേണ്ടപോലുള്ള സഹായങ്ങളും നൽകാം.

മിസ്റ്റർ കെ. പി. വള്ളോൻ: ഇംഗ്ലീഷ് പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത മിഡ്വൈഫ്മാർ ഇപ്പോൾ ആനുപത്രികളിൽ സർവ്വീസിലുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: വളരെക്കാലത്തിനുമുമ്പു് നിയമിച്ചിട്ടുള്ളവരായിരിക്കും അവർ.

മിസ്റ്റർ കെ. പി. വള്ളോൻ: അവരുടെയിടയിൽ പരീക്ഷായോഗ്യതയുള്ള ആളുകളില്ലെങ്കിൽ ഇപ്പോൾ കോളിഫിക്കേഷൻ ഇല്ലാത്തവക്കു് നൽകീട്ടുള്ളവിധം പരിശീലനം നൽകുന്നതിനു് ഒരു ഏർപ്പാടുണ്ടാക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ: അതിനെക്കുറിച്ചു് മെഡിക്കൽ ഓഫീസറുമായി ആലോചിച്ചു് കഴിയുന്നതു ചെയ്യാം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇതിൽ പറയുന്ന സരസ്വതി എന്ന സ്ത്രീക്കു് എന്തു പരീക്ഷായോഗ്യതയുണ്ടെന്നു് അറിഞ്ഞാൽ കൊള്ളാം.

ഡോക്ടർ എ. ആർ. മേനോൻ: സ്കൂൾ ഫൈനൽ തോറ്റിട്ടുള്ളവരാണു്. അവർ സിങ്കപ്പൂരിലും മറ്റുമായിരുന്നതുകൊണ്ടു് അവരുടെ ഇംഗ്ലീഷ് സ്റ്റാൻഡേർഡ് ഉയർന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിഡ്വൈഫറി പരിശീലനത്തിനു് അധികൃത സ്ത്രീകളെ എടുക്കേണ്ടകാര്യം പ്രത്യേകിച്ചു് ഗസറ്റിൽ പരസ്യപ്പെടുത്താറുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അതു് എല്ലാകൊല്ലവും ഗസറ്റിൽ പരസ്യപ്പെടുത്താറുള്ളതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കൊല്ലവും പബ്ലീഷുചെയ്തിട്ടില്ലേ?

ഡോക്ടർ എ. ആർ. മേനോൻ: ഈ കൊല്ലം മാത്രമല്ല, എല്ലാ കൊല്ലവും പബ്ലിഷു് ചെയ്യാറുണ്ടു്.

## APPOINTMENTS—TAMIL NON-BRAHMINS—PARTICULARS REGARDING

**69.** മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു് ദയവു മറുപടി പറയുമോ.—

(എ) സ്റ്റാഫ് സിലക്ഷൻ ബോർഡു വന്നതിനുശേഷം ആകെ എത്ര തമിഴു് ബ്രാഹ്മണർക്കു് ബോർഡിൽനിന്നും ഉദ്യോഗം കൊടുത്തിട്ടുണ്ടു്;

(ബി) തമിഴു് ബ്രാഹ്മണരിൽനിന്നും പബ്ലിക്കു് സർവ്വീസിൽ എത്രപേരെ നിയമിച്ചിട്ടുണ്ടു്;

(സി) 100 രൂപ ഉദ്യോഗിക്കയിൽ കൂടുതൽ ശമ്പളം വാങ്ങുന്ന തമിഴു് ബ്രാഹ്മണർ എത്രപേർ സർവ്വീസിലുണ്ടു്, അവരുടെ പേരും ഉദ്യോഗപ്പേരും ശമ്പളവും കാണിക്കുന്ന ഒരു ലിസ്റ്റു് ഗവൺമെൻറു് കൌൺസിൽ മേശപ്പുറത്തു് വെക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കണ്ണൻനായർ:

(എ) ഫ.

(ബി) ആവശ്യപ്പെട്ടിരിക്കുന്ന വിവരം ഏതുകാലത്തേതാണെന്നറിയാത്തതിനാൽ പറയുവാൻ നിവൃത്തിയില്ല.

(സി) ആരുമില്ല.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: ഫ എന്നു പറഞ്ഞിട്ടുള്ളതു് ഫ ആളുകൾ എന്നോ ഫ നിയമനങ്ങൾ എന്നോ ഏതാണെന്നറിഞ്ഞാൽ കൊള്ളാം?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഫ ആളുകളാണു്. ചോദ്യത്തിൽ എത്ര തമിഴ് ബ്രാഹ്മണ എന്നു ചോദിച്ചിരിക്കുന്നതുകൊണ്ടു് ആളെ ഉദ്ദേശിച്ചു് ചോദിച്ചിരിക്കാമെന്നാണു് ഉദ്ദേശിച്ചതു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: അവർ എല്ലാവരും ഇപ്പോൾ സർവ്വീസിലുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: എല്ലാവരും ഉണ്ടോ എന്നു പറയുവാൻ നിവൃത്തിയില്ല. ചിലർ പ്രൊബേഷനായിട്ടുള്ളവരും ഉണ്ടു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: ഫ ൦-ൽ അധികം ജാതികളും ൫൦,൦൦൦ത്തിനോടു ജനസംഖ്യയുമുള്ള അബ്രാഹ്മണ സമുദായങ്ങളിൽ നിന്നും ഫ൦൦ ഉദ്യോഗങ്ങൾക്കു മേലുള്ള ശമ്പളം കെട്ടുന്നു് ആരേയും നിയമിക്കാതിരിക്കുവാനുള്ള കാരണമെന്താണെന്നറിഞ്ഞാൽ കൊള്ളാം?

മിസ്റ്റർ കെ. പി. കണ്ണൻനായർ: അവരുടെയിടയിൽ വല്ലിയ പരീക്ഷായോഗ്യതയുള്ളവർ വളരെ കുറച്ചു ഉള്ളൂ. ഗ്രാഡുവേറ്റായിട്ടുള്ളവരിൽ ഉദ്യോഗമില്ലാത്തവരായി ആരുമുണ്ടെന്നു തോന്നുന്നില്ല. ഒർത്തൊ മറ്റൊ ഉദ്യോഗം കിട്ടുന്നതായി ഉണ്ടെന്നു തോന്നുന്നു. ബാറിയുള്ളവർക്കെല്ലാം സ്റ്റാഫ് സിലക്ഷൻ ബോർഡിൽനിന്നും നിയമനം കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: നൂറു രൂപ്പിക ശമ്പളമുള്ളവർ ആരെങ്കിലും ഇപ്പോൾ ഉദ്യോഗത്തിലുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഇല്ല. ബോർഡിൽനിന്നും നൂ൦ രൂപ്പികക്കു മേലുള്ള ഉദ്യോഗങ്ങൾ ഇതുവരെ കൊടുത്തിട്ടുണ്ടോ എന്നതെന്നെ സംശയമാണു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: നൂറിനുമേൽ ശമ്പളം വാങ്ങുവാൻ അർഹന്മാരുണ്ടെങ്കിൽ അവർക്കു കൊടുപ്പാൻ വിരോധമുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: നോക്കാം. ഇപ്പോൾ നൂറിനു താഴെ ശമ്പളം വാങ്ങുന്നവരുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: ഫ൦൦-നു മേലുള്ള ഉദ്യോഗത്തിനു് ആളില്ലാത്തതുകൊണ്ടോ അപേക്ഷകർ ഇല്ലാത്തതുകൊണ്ടോ എന്തുകൊണ്ടാണു് കൊടുക്കാതിരുന്നിട്ടുള്ളതു"?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കണ്ണൻനായർ: സ്റ്റാഫ് സിലക്ഷൻ ബോർഡിൽ നിന്നും പ്രമോഷൻ കൊടുത്തിട്ടുള്ളവരായി ഒന്നോ രണ്ടോ പേരെ ഉള്ളൂ. അപേക്ഷിച്ചിട്ടുള്ളവരിൽ ഉദ്യോഗം കൊടുത്തിട്ടില്ലാത്ത ആളുകളെ കാണുവാനില്ല.

മിസ്റ്റർ വി. കെ. കുട്ടി: ഇനിയെങ്കിലും ഗവൺമെൻറിൽനിന്നും ഫാറം ഉപ്പിടുക്കു മേലുള്ള ഉദ്യോഗത്തിനു് അഫ്തയുള്ളവരുണ്ടെങ്കിൽ അവക്കു കൊടുത്താൽ മതി. അതിനു ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ എന്നാണു ചോദിക്കുന്നതു്?

മിസ്റ്റർ കെ. പി. കണ്ണൻനായർ: മെമ്പർ പറഞ്ഞ സംഗതിയെക്കുറിച്ചു് തീച്ചയായും ആലോചിക്കാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: എത്രപേർ ഇപ്പോൾ സർവ്വീസിലുണ്ടെന്നു പറയാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: സ്റ്റാഫ് സിലക്ഷൻ ബോർഡിൽ നിന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്നു് ഇവിടെ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഇപ്പോൾ ആകെ എത്രപേർ സർവ്വീസിലുണ്ടെന്നു് അറിയുവാനാണു് മെമ്പർ ആവശ്യപ്പെട്ടിട്ടുള്ളതു്?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ആകെ എത്രപേരുണ്ടെന്നു് നിശ്ചയമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഫാറം ഉപ്പിടുക്കു മുകളിലുള്ള തസ്തികകളിൽ സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ പരിധിയിൽപ്പെടുത്തുന്നതിനു വല്ല തടസ്ഥാവുമുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഇതിനെസംബന്ധിച്ചു് ഈ കൌൺസിലെ മെമ്പർമാർതന്നെ ഇതിനുമുമ്പു് ചോദിക്കയും മറുപടി പായുകയും ചെയ്തിട്ടുള്ളതാണു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം: കാലംപോകുമ്പോഴെങ്കിലും ഗവൺമെൻറിന്റെ മനഃസ്ഥിതിക്കു മാറ്റം വരാമല്ലൊ എന്നു വിചാരിച്ചാണു് ചോദിക്കുന്നതു്.

## SUB-JAILS—OVERCROWDING IN

**70. Mr. Puthur Achyuta Menon** *(Kattur):* Will the Government be pleased to state.—

(*a*) how many Sub-Jails there are at present in our State;

(*b*) how many persons can conveniently be locked up in each of the Sub-Jails;

(*c*) were there occasions in which more than those who can be conveniently locked up were actually locked up during the years 1113 and 1114;

LIBRARY ARCHIVES Kerala Legislative Assembly